**ശ്രദ്ധ ക്ഷണിക്കൽ**

1. കുട്ടനാട്ടിലെ പാലങ്ങളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കൽ

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് എന്ന എന്റെ ദേശത്തിന്റെ പ്രത്യേകതകൾ ഈ സഭയിൽ പല പ്രാവശ്യം ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. 90 ശതമാനം പടശേഖരങ്ങളും തണ്ണീർത്തടങ്ങളും നിറഞ്ഞ പ്രദേശമാണ് കുട്ടനാട്. കടൽനിരപ്പിൽ നിന്ന് 3 മീറ്റർ താഴ്ചയിലാണ് എന്റെ പ്രദേശം നിൽക്കുന്നത്. ഇന്ത്യയിൽതന്നെ അങ്ങനെ ഒരു പ്രദേശം കുട്ടനാട് മാത്രമേയുള്ളൂ. ഞങ്ങളുടെ ഏറ്റവും വലിയ വിഷയം സഞ്ചാരയോഗ്യമായ പാലങ്ങളാണ്. പുളിങ്കുന്ന് ജങ്കാർ സർവ്വീസ് 32 വർഷമായി നടത്തുന്നതാണ്. അത് കഴിഞ്ഞ മാസം നിർത്തലാക്കിയതുമായി ബന്ധപ്പെട്ട് ആരാധ്യനായ ധനകാര്യ മന്ത്രിയെയും പൊതുമരാമത്ത് മന്ത്രിയെയും നേരിട്ട് കണ്ട് ആ വിഷയം പരിഹരിച്ചതാണ്. ഇന്ന് മാതൃഭൂമി ഒരു വാർത്ത അയച്ചുതന്നിട്ടുണ്ട്. ജങ്കാർ സർവ്വീസ് പുനഃസ്ഥാപിച്ചെന്ന് എം.എൽ.എ. പറഞ്ഞു പക്ഷേ അത് പുനഃസ്ഥാപിച്ചിട്ടില്ലെന്ന് പൊതുമരാമത്ത് ഓഫീസ് പറയുന്നു. ഇതിനെതിരെ

കർശനമായ നടപടിയെടുക്കണം. കാരണം ധനകാര്യമന്ത്രിയെ കണ്ട് വിഷയം പരിഹരിച്ച് പി.ഡബ്ല്യു.ഡി. മന്ത്രിയുടെ ഓഫീസിൽ പോയി അതിനാവശ്യമായ രേഖകളും പൂർത്തീകരിച്ച് ജങ്കാർ സർവ്വീസ് നടത്തുന്ന വ്യക്തിയെ ഔദ്യോഗികമായി അറിയിച്ച് ഇത് പുനഃസ്ഥാപിച്ചതാണ്. ഇങ്ങനെ ഒരു വാർത്ത നൽകിയ പൊതുമരാമത്ത് വകുപ്പിലെ ആരായലും അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം. എന്റെ സഹോദരനായ ശ്രീ. തോമസ് ചാണ്ടി മൂന്ന് പ്രവശ്യം എം.എൽ.എ. ആയിരുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ച് ...., കാരണം കുട്ടനാട് എന്നുപറയുന്നത് നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ്. നിരവധി പ്രതിസന്ധികളിലൂടെയാണ് ഞങ്ങൾ ജീവിക്കുന്നത്. കടത്തുവള്ളവും ബോട്ടും ഉണ്ടെങ്കിൽ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് ശ്രീ. ജി. സുധാകരൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ 14 പാലങ്ങളാണ് അനുവദിച്ചത്, പല കാരണങ്ങളാൽ പാലങ്ങളുടെ നിർമ്മാണം പൂർത്തികരിക്കാൻ സാധിച്ചില്ല. തട്ടാശ്ശേരി പാലം എല്ലാ കാര്യങ്ങളും കഴിഞ്ഞിട്ടും അത് ടെണ്ടർ ചെയ്യുന്നില്ല. എന്താണ് അതിന് കാരണം? ഞാൻ

ഉദ്യോഗസ്ഥന്മാരുമായി നിരന്തരം ചർച്ച നടത്തുകയും വിവരങ്ങൾ തിരക്കുകയും ചെയ്യുന്നുണ്ട്. ഉയരം കൂട്ടണമെന്നും അപ്രോച്ച് റോഡിന് പ്രത്യേകത വരണമെന്നുമാണ് മറുപടി പറയുന്നത്. ഇത് ജനങ്ങളോട് പറഞ്ഞാൽ മനസ്സിലാകില്ല. അതുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെട്ട് എത്രയും പെട്ടെന്ന് തട്ടാശ്ശേരി പാലം ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കുട്ടനാട്ടിനെ സംബന്ധിച്ച് അപ്രോച്ച് റോഡുകൾ വരുമ്പോൾ പാലങ്ങളിൽനിന്ന് അപ്രോച്ച് റോഡിലേയ്ക്ക് ഇറങ്ങുമ്പോൾ അത് താഴ്ന്നുപോകുന്നു. കുട്ടനാട് എന്ന സ്ഥലം 2 മീറ്ററോളം ചെളിയുള്ള പ്രദേശമാണ്. എത്ര piling ചെയ്താലും താഴോട്ട് ഇരിക്കും. ഏകദേശം 2 വർഷം മുമ്പ് ഈ വിഷയം സഭയിൽ സബ്മിഷനായി അവതരിപ്പിച്ചതാണ്. കുട്ടനാട്ടിലെ എല്ലാ പാലങ്ങളുടെയും അപ്രോച്ച് റോഡ് സീറോ ലാൻഡ് ആക്കണമെന്ന് ഒരു നിർദ്ദേശം വച്ചിരുന്നു. ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് ചമ്പക്കുളം പാലം. ഈ പാലത്തിന്റെ താഴ്ഭാഗം താഴ്ന്ന് പോകുകയും ഒരു വാഹനം പോലും കയറാൻ സാധിക്കാത്ത അവസ്ഥയിലുമായിരുന്നു. ആരാധ്യനായ പൊതുമരാമത്ത് മന്ത്രി ഇക്കാര്യത്തിൽ ഇടപെടുകയും തക്കതായ മറുപടി

തരുകയും അതിനകത്ത് ഞങ്ങളെ സഹായിക്കുകയും ചെയ്തു. പൂർണ്ണമായി അദ്ദേഹത്തെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. കാരണം കുട്ടനാടിന്റെ അവസ്ഥ മനസ്സിലാക്കി പ്രവർത്തിക്കുന്ന മന്ത്രിയാണ് അദ്ദേഹം. ഈ ഒരു പ്രത്യേക സാഹചര്യത്തിൽ ഇനി നിർമ്മിക്കുന്നതും നിർമ്മിച്ചതുമായ കുട്ടനാട്ടിലുള്ള എല്ലാ പാലങ്ങളുടെയും അപ്രോച്ച് റോഡുകളിൽ സീറോ ലാൻഡ് സംവിധാനം ഒരുക്കണം. അല്ലാത്തപക്ഷം താഴ്ന്നുപോയ്ക്കൊണ്ടിരിക്കും. എനിക്ക് ഏറ്റവും പ്രധാനമായി പറയാനുള്ളത്, 14 പാലങ്ങളിൽ തട്ടാശ്ശേരി പാലവും പടഹാരം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ കാര്യവുമാണ്. അത് വളരെ നല്ല റോഡായിരുന്നു. പൊതുമരാമത്ത് വകുപ്പും കെ.എസ്.ടി.പി.-ക്കാരും കൂടി പൊളിച്ചു അത് വഴി കാൽനടയായി പോലും യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ്. പടഹാരം പാലത്തിന്റെ അപ്രോച്ച് റോഡുകൾ എത്രയും പെട്ടെന്ന് ശരിയാക്കണം. കൈനകരി ജംഗ്ഷനിൽ ജി.പി.എം. പാലമുണ്ട്. ആ പാലം എ.സി. റോഡിന്റെ നിർമ്മാണം വന്നപ്പോൾ അപ്രോച്ച് റോഡായി ഉപയോഗിച്ചതാണ്. കൈനകരി ജംഗ്ഷൻ മുതൽ എന്റെ വീട്ടിന്റെ വാതിക്കൽകൂടി പോകുന്ന റോഡാണത്. ആ റോഡ് തകർന്ന് കിടക്കുകയാണ്.

10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് ഇങ്ങനെയുള്ള വിഷയങ്ങളിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് 14 പാലങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും അപ്രോച്ച് റോഡുകളും മറ്റ് സംവിധാനങ്ങളും ശരിയാക്കുന്നതിനുള്ള നടപടിയും ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് പറയാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, കേരളത്തിന്റെ സവിശേഷ ഭൂപ്രകൃതിയാൽ ശ്രദ്ധേയമായൊരു പ്രദേശമാണ് കുട്ടനാട്. കുട്ടനാട്ടിലെ കാർഷിക സംസ്കാരവും അതിനോടനുബന്ധിച്ചുള്ള ടൂറിസവും ലോകത്തിനുതന്നെ പരിചിതമാണ്. അടിസ്ഥാന ജനവിഭാഗങ്ങൾ ഏറെയുള്ള കുട്ടനാടിന്റെ വികസനമെന്നത് സർക്കാർ മുന്തിയ പരിഗണന നൽകുന്ന കാര്യമാണ്, അത് നൽകിയിട്ടുമുണ്ട്. കുട്ടനാടൻ മേഖലയിലെ പദ്ധതികളെ പൊതുമരാമത്ത് വകുപ്പ് ആ നിലയിലാണ് സമീപിച്ചിട്ടുള്ളത്. നാടിന് മാതൃകയാകാൻ പോകുന്ന എ.സി. റോഡ് (ആലപ്പുഴ-ചങ്ങനാശ്ശേരി) വികസനം കുട്ടനാടൻ മേഖലയിലാണ് സാധ്യമാകുന്നത്.

പ്രളയദുരന്തത്തിൽ ഒറ്റപ്പെട്ടുപോകുന്ന കുട്ടനാടിനും സമീപപ്രദേശങ്ങൾക്കും അതിൽനിന്നും രക്ഷനേടാൻ കഴിയുന്ന നിലയിലുള്ള എ.സി. റോഡിന്റെ വികസനം പൂർത്തീകരണ ഘട്ടത്തിലാണ്. 2025 മധ്യത്തോടെ എ.സി. റോഡിൽ വിഭാവനം ചെയ്ത പദ്ധതികളെല്ലാം നടപ്പിലാക്കാനാകുമെന്ന് മാത്രമല്ല, കുട്ടനാടിന്റെ സമഗ്ര വികസനത്തിന് എ.സി. റോഡ് നവീകരണം ഗുണകരമായി മാറുകയും ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ച പാലങ്ങളുടെ നിർമ്മാണവും അതുപോലെതന്നെയാണ്. തുരുത്തുകളിൽ അകപ്പെടുന്ന ജനങ്ങൾക്ക് ആത്മവിശ്വാസത്തോടെ ജീവിതത്തെ നേരിടാനുള്ള കരുത്താണ് പാലങ്ങൾ. കുട്ടനാടൻ മേഖലയിലെ പാലങ്ങൾക്ക് ആ നിർവചനമാണ് ഏറ്റവുമനുയോജ്യമായിട്ടുള്ളത്. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിലും കിഫ്ബി പദ്ധതികളിലുമായി കുട്ടനാടൻ മേഖലയിൽ അനുവദിച്ചിരിക്കുന്ന 14 പാലങ്ങൾക്കായി 392.66 കോടി രൂപ വിനിയോഗിച്ച് നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ഉത്തരവാദിത്തമാണ് പൊതുമരാമത്ത് വകുപ്പിന് മുമ്പിലുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ

സൂചിപ്പിച്ച കിഫ്ബി പദ്ധതിയിലുൾപ്പെട്ട പടഹാരം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ 82 ശതമാനവും പൂർത്തീകരിച്ചിരിക്കുകയാണ്. ടി പാലം ഈ വർഷം അവസാനം ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് 13 പാലങ്ങൾക്കായുള്ള സ്ഥലമേറ്റെടുക്കൽ വിവിധ ഘട്ടങ്ങളിലാണ്. കുട്ടനാട്ടിൽ ഇത്രയും പാലങ്ങൾ നൽകാൻ സാധിക്കുമെങ്കിലും അവിടെ സ്ഥലലഭ്യതയുടെയും സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രോസസ്സിന്റെയും പ്രശ്നമുള്ളതുകൊണ്ടാണ് പ്രവൃത്തി ആരംഭിക്കാൻ കാലതാമസമുണ്ടായത്, അല്ലാതെ മറ്റ് കാരണങ്ങളൊന്നുമില്ല. കെ.സി. പാലം പുനർനിർമ്മാണത്തിന് 19(1) പ്രകാരമുള്ള പ്രഖ്യാപനം 02-07-2024-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി കൈമാറിയാൽ പ്രവൃത്തിയുടെ ടെണ്ടർ സ്റ്റേജിലേയ്ക്കെത്താനാകും. മൂപ്പത്തിനാലിൽപ്പടി പാലത്തിനായി 65 സെന്റ് സ്ഥലമേറ്റെടുക്കലിന്റെ ഭാഗമായുള്ള സാമൂഹിക ആഘാത പഠനം പൂർത്തിയാക്കുകയും വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിൽ പ്രാഥമിക വിജ്ഞാപനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കോതാർതോട്

പാലത്തിനായി 104 സെന്റ് ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽനിന്നും ഫണ്ട് റിക്വിസിഷനുള്ള അപേക്ഷ 13-06-2024-ൽ ലഭിക്കുകയും അത് ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ്. കൈനകരി-ചാലേച്ചിറ പാലത്തിന് 124 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കുന്ന സ്ഥലങ്ങളുടെ ചമയങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരിക്കുകയാണ്. കാനാച്ചേരി പാലത്തിനായി ഭൂമി ഏറ്റെടുക്കലിനുള്ള അധികതുക റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുകയാണ്. കൈനകരി ചർച്ച് പാലത്തിന്റെയും ജീമംഗലം പാലത്തിന്റെയും കന്നിട്ടപ്പറമ്പ് പാലത്തിന്റെയും ഗോവേന്ദപാലത്തിന്റെയും ഭൂമി ഏറ്റെടുക്കലിനുള്ള അടിസ്ഥാന വില നിർണയ റിപ്പോർട്ട് നടപടി പുരോഗമിക്കുകയാണ്. കല്ലോട്ട്തറ പാലത്തിന്റെ ഫോറം 4 വിജ്ഞാപനം റവന്യൂ വിഭാഗം തയ്യാറാക്കുകയാണ്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട പുളിങ്കുന്ന് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ച് ജൂലൈ 24-ന് സ്ഥലം കൈമാറുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതാണ്. കാവാലം-തട്ടാശ്ശേരി

പാലത്തിന്റെ ഡിസൈൻ പുതുക്കി നൽകേണ്ട സാഹചര്യമുണ്ടായത് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പുതുക്കിയ ഡിസൈൻ പ്രകാരം 81.85 കോടി രൂപ ഈ പാലം നിർമ്മാണത്തിന് ആവശ്യമായിവരുന്നതാണ്. ഇതിനും കിഫ്ബിയുടെ അനുമതി ആവശ്യമാണ്. മുട്ടൽ പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ അന്തിമഘട്ടത്തിലെത്തിക്കഴിഞ്ഞു. ഈ പാലത്തിനും പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കേണ്ടതുണ്ട്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പൊതുസ്ഥിതിയാണിത്. ഇതിൽ ഭൂമി ഏറ്റെടുക്കലിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കേണ്ടതുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് പരിഹാരം കാണാൻ സാധിക്കും. അതോടൊപ്പം ഈ പാലങ്ങൾക്കെല്ലാം ജലവിഭവ വകുപ്പിന്റെ നിരാക്ഷേപപത്രംകൂടി ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാര്യങ്ങൾ അദ്ദേഹവുമായി ചർച്ച ചെയ്യുന്നതാണ്. കൂടാതെ ഈ പാലങ്ങളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏകോപിപ്പിക്കുന്നതിന്

പൊതുമരാമത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ട് എൽ.ഡി.എഫ്. സർക്കാരുകൾ കുട്ടനാടിനെ മാത്രമല്ല, ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പണം നൽകി സഹായിച്ചതിനെ ബഹുമാനപ്പെട്ട അംഗം അഭിനന്ദിച്ചതിന് പ്രത്യേകമായി സന്തോഷം അറിയിക്കുകയാണ്. കുട്ടനാടൻ കുടിവെള്ള പദ്ധതിയടക്കം യാഥാർത്ഥ്യത്തിലേക്കെത്തിയിരിക്കുന്നു. അടുത്ത രണ്ട് വർഷം കൊണ്ട് സമ്പൂർണ്ണമായ സമഗ്ര വികസനം കുട്ടനാട്ടിലുണ്ടാകുന്നതാണെന്നാണ് പറയാനുള്ളത്.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, പാലങ്ങളുടെയും മറ്റും വർക്കുകളെടുക്കുന്നതിന് 2018-ലെ ഡി.എസ്.ആർ/എൽ.എം.ആർ (ലോക്കൽ മാർക്കറ്റ് റേറ്റ്) നിരക്കാണ് നിലവിൽ കണക്കാക്കുന്നത്. ആ നിരക്കിൽ കോൺട്രാക്ടർമാർ ആരുംതന്നെ വർക്കേറ്റെടുക്കുകയില്ലെന്ന് മാത്രമല്ല, വർക്കെടുത്താൽ സാമ്പത്തികമായി അവർക്ക് വലിയ പ്രശ്നമുണ്ടാവുകയും ചെയ്യും. അതുകൊണ്ട് റേറ്റിൽ മാറ്റം വരുത്തി സഹായിച്ചാൽ മാത്രമേ കോൺട്രാക്ടർ ഇത്തരം വർക്കുകൾ ഏറ്റെടുക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരനടപടി സ്വീകരിക്കണം.

ശ്രീ. സജി ചെറിയാൻ: സർ, 2018-ലെ ഡി.എസ്.ആർ പ്രകാരമാണ് നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നത്. അത് പുനഃപരിഷ്കരിക്കേണ്ടത് പൊതുവായുള്ള കാര്യമാണ്, അത് ഗവൺമെന്റ് പരിശോധിക്കേണ്ടതുമാണ്. അതിന്റെ പേരിൽ കുട്ടനാട്ടിലെ ഒരു പദ്ധതിയും തടസ്സപ്പെടില്ല. അതിന്റെ ഉദാഹരണമാണ്, കുട്ടനാട്ടിലെ കുടിവെള്ള പദ്ധതിക്ക് അനുവദിക്കപ്പെട്ട തുകയിലും കൂടുതലായി വന്നപ്പോൾ ക്യാബിനറ്റ് അംഗീകരിച്ച് അധികമായി വന്ന തുക പൂർണ്ണമായി നൽകിയിട്ടുണ്ടെന്ന കാര്യംകൂടി മനസ്സിലാക്കണം. അതുകൊണ്ട് ഡി.എസ്.ആർ-ന്റെ ഭാഗമായി ഇത്തരം കാര്യങ്ങളിൽ യാതൊരു തടസ്സവുമുണ്ടാകില്ല.

## (2) അങ്കണവാടി ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതന-പെൻഷൻ പരിഷ്കരണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കേരളത്തിലെ അങ്കണവാടി ജീവനക്കാരുടെ പ്രയാസങ്ങളും ദുരിതങ്ങളുമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇതേ വിഷയം 29-10-2021-ൽ ഞാൻതന്നെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുകയുണ്ടായി. അങ്കണവാടി

ജീവനക്കാരുടെ വേതനം ആയിരം രൂപ വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അന്ന് മറുപടി നൽകിയിരുന്നു. രണ്ടുവർഷങ്ങൾക്കുശേഷം കഴിഞ്ഞ ഡിസംബർ മാസത്തിൽ അങ്കണവാടി ജീവനക്കാർക്ക് സർക്കാർ ആയിരം രൂപ വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനമുണ്ടായി. ഉമ്മൻ ചാണ്ടിയുടെയും ഡോ. എം. കെ. മുനീറിന്റെയും മന്ത്രിസഭയുടെ കാലയളവിലാണ് രണ്ടായിരം രൂപയെന്നത് പതിനായിരം രൂപയായി വർദ്ധിപ്പിച്ചത്. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇതിലേയ്ക്ക് രണ്ടായിരം രൂപ ലഭിക്കുകയുമുണ്ടായി. കേന്ദ്രസർക്കാർ അങ്കണവാടി ജീവനക്കാരോട് വലിയ നീതിയൊന്നും കാണിക്കാറില്ല. എന്നാലും ഇവർക്ക് ആകെ ലഭിച്ചുകൊണ്ടിരുന്നത് പന്ത്രണ്ടായിരം രൂപയായിരുന്നു. പിന്നീട്, ഒരു ആയിരം രൂപകൂടി ലഭിക്കാൻ എട്ട് വർഷം കാത്തിരിക്കേണ്ടി വന്നു. അങ്കണവാടി ജീവനക്കാർ എന്ത് ജോലിചെയ്യുന്നുവെന്നുള്ളതല്ല, അവർ എന്ത് ജോലി ചെയ്യുന്നില്ലെന്നുള്ളതാണ് പരിശോധിക്കേണ്ടത്. രാവിലെ 9.00 മണിക്ക് അവർ അങ്കണവാടിയിൽ എത്തിയാലുടൻതന്നെ അവിടെ ഹാജരായെന്ന് അറിയിക്കാനായി ഫോട്ടോയെടുത്ത് സൂപ്പർവൈസർക്ക് അയച്ചുകൊടുക്കണം. അതിനുശേഷം

കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിന്റെയും ഉച്ചഭക്ഷണം നൽകുന്നതിന്റെയും ഫോട്ടോയെടുത്ത് അയച്ചുകൊടുക്കണം. ക്ലാസ്സെടുക്കുന്നതിന്റെ വീഡിയോയും അയച്ചുകൊടുക്കണം. പിന്നെ വൈകുന്നേരം പോകുന്നതിനുമുമ്പും ഫോട്ടോയെടുത്ത് അയയ്ക്കണം. സാധാരണ ടീച്ചർമാർക്ക് 4.00 മണിയാകുമ്പോൾ വീട്ടിൽ പോകാമെങ്കിൽ ഇവർക്ക് 4.00 മണിക്കുശേഷം ഭവന സന്ദർശനം കൂടിയുണ്ട്. ഇതിന്റെ ഭാഗമായി അങ്കണവാടിയുടെ പരിധിയിലുള്ള വീടുകൾ സന്ദർശിച്ച് അവിടെയുള്ള ഗർഭിണികളുടെയും ദുർബല വിഭാഗത്തിലുള്ളവരുടെയും സർവേ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണം. ഇതുകൂടാതെ CBE (Community Based Education)-യുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകണം. പ്രധാനമന്ത്രി മാതൃ വന്ദനയോജന (PMMVY), ആശ്വാസ കിരണം, വിധവാ പെൻഷൻ, അഗതി പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടുകളും ഇവർ നൽകുകയും ഗ്രാമസഭകളുടെ കാര്യങ്ങളിൽ സഹകരിക്കുകയും വേണം. ഇതിനൊക്കെപുറമെ ഇലക്ഷൻ ഡ്യൂട്ടിയിലും ഇവർ പങ്കെടുക്കണം. ഇലക്ഷൻ ഡ്യൂട്ടിയിൽ പങ്കെടുത്ത ഇവർക്ക് വേതനം

ലഭിച്ചില്ലെന്ന് ഈയടുത്തകാലത്ത് ഒരു അങ്കണവാടി ടീച്ചർ പറയുകയുണ്ടായി. ഇലക്ഷൻ ഡ്യൂട്ടിയിൽ പങ്കെടുത്ത് ബാക്കിയുള്ള എല്ലാവിഭാഗം ജീവനക്കാർക്കും വേതനം ലഭിക്കുമ്പോഴും ഇവർക്കുമാത്രം യാതൊന്നും ലഭിച്ചില്ല. പുതുതായി ഓരോരോ ജോലികൾ ഇവർക്ക് നൽകിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞയാഴ്ച സ്ത്രീകൾ ഗൃഹനാഥയായ വീടുകളുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തടിസ്ഥാനത്തിൽ അവരോട് ആവശ്യപ്പെട്ടതിൻപ്രകാരം ആയത് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ, 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ലിസ്റ്റുകൾ പ്രത്യേകമായി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ജോലികൾ മാറിമാറി ഇവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ‘ ഓണറേറിയം’ എന്നത് ശമ്പളമാക്കി മാറ്റാനും ഇവർക്ക് 21000/- രൂപയെങ്കിലും ശമ്പളമായി നൽകാനുമുള്ള നടപടി സ്വീകരിക്കണം. അങ്കണവാടി വർക്കർക്ക് 2500/- രൂപയും ഹെൽപ്പർമാർക്ക് 1500/- രൂപയുമാണ് പെൻഷനായി ലഭിക്കുന്നത്. വളരെ തുച്ഛമായ ഈ തുക വർദ്ധിപ്പിക്കണം. 2023-ൽ അങ്കണവാടിയിൽനിന്നും വിരമിച്ച ജിവനക്കാർക്ക്

നാളിതുവരെ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന` മാതൃഭൂമി ദിനപത്രത്തിലൊരു വാർത്ത വരികയുണ്ടായി. വളരെ തുച്ഛമായ പെൻഷൻ തുകപോലും അവർക്ക് ലഭിക്കുന്നില്ല. 40 വർഷം ജോലി ചെയ്ത് വിരമിക്കുമ്പോൾപോലും യാതൊരാനുകൂല്യവും നൽകാതെ ഈ പാവങ്ങളെ പറഞ്ഞുവിടുകയാണ്, ഇവർ മാസംതോറും 500/- രൂപവീതം അടയ്ക്കുന്ന ക്ഷേമനിധി പെൻഷനാണ്. ക്ഷേമനിധിബോർഡിൽ പെൻഷന്റെ കാര്യത്തെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഫണ്ട് വരുമ്പോൾ തരാമെന്നാണ് പറയുന്നത്. ഫണ്ട് എവിടെനിന്നും വരാനാണ്? ഇത് ഒരിടത്തുനിന്നും വരാനുള്ളതല്ലല്ലോ; ഇവർ അംശദായമായടച്ച അവരുടെ ക്ഷേമനിധിയിൽനിന്നും നൽകേണ്ട വിരമിക്കൽ ആനുകൂല്യങ്ങളാണ്. ഈ ആനുകൂല്യങ്ങൾ പതിനായിരം പതിനയ്യായിരവുമായി ഏർപ്പെടുത്തിയത് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. എന്നാൽ ഈ വിരമിക്കൽ ആനുകൂല്യങ്ങളും ക്ഷേമനിധിയുടെ മറ്റാനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. മുമ്പ് ക്ഷേമനിധി പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനുമായി രണ്ട് പെൻഷൻ ലഭിക്കുമായിരുന്നെങ്കിൽ ഇപ്പോൾ അതും നിർത്തലാക്കിയിരിക്കുകയാണ്. 2023-നുശേഷം വിരമിച്ച അങ്കണവാടി

ജീവനക്കാരുടെ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകണം. മറ്റൊരു പ്രശ്നം ഗ്രാറ്റിവിറ്റി നൽകുന്നതുമായി ബന്ധപ്പെട്ടതാണ്. ഇതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുകയും ഇവർക്ക് അനുകൂലമായി വിധിയുണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് നടപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും കോടതി സർക്കാരിനോട് കേസ് പരിഗണിക്കാനാവശ്യപ്പെടുകയും സർക്കാർ ഹിയറിംഗ് നടത്തുകയും ചെയ്തു. എന്നാൽ, അതിനെത്തുടർന്ന് വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് ഗ്രാറ്റിവിറ്റി നൽകാൻ കഴിയില്ലെന്ന നിലയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് തികച്ചും ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി അനുകൂലമായി തീരുമാനമെടുത്തൊരു വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനോട് പരിഗണിക്കാനാവശ്യപ്പെട്ടിട്ടും ഇവർക്ക് ഗ്രാറ്റിവിറ്റി നിഷേധിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്. ഇവരെല്ലാം 40 വയസ്സിനും 50 വയസ്സിനുമിടയിലുള്ള സഹോദരിമാരാണ്, അവർക്ക് സർക്കാർ ഒരു ഫോൺ നൽകിയിട്ടുണ്ടെങ്കിലും അതിൽ ഇവർക്കാവശ്യമായ ആപ്പുകളൊന്നും പ്രവർത്തിക്കില്ല. പിന്നീട് ഇവർ

സ്വന്തമായി പണം മുടക്കി വാങ്ങിയ സ്മാർട്ട് ഫോണിലൂടെ പോഷൻ ട്രാക്കർ ആപ്പ് ഉപയോഗിച്ച് വിവരങ്ങൾ അപ്‌ലോഡ് ചെയ്തുകൊണ്ടേയിരിക്കണം. ഒരു ഐ.ടി. അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് ഇവർ ചെയ്യേണ്ടത്. ഒരു മാസം 11 രജിസ്റ്ററുകളാണ് ശരിയായ വിധത്തിൽ സൂക്ഷിച്ച് ഡിപ്പാർട്ടുമെന്റിൽ സമർപ്പിക്കേണ്ടത്. അതുകൊണ്ട് അങ്കണവാടി ജീവനക്കാർക്ക് നൽകുന്ന തുച്ഛമായ ഓണറേറിയം ശമ്പളമാക്കുന്നതോടൊപ്പം അവർക്കിപ്പോൾ നൽകിവരുന്ന വേതനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ അനുകൂല നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, സംസ്ഥാനത്തെ അങ്കണവാടി പ്രവർത്തകരും ആശാ വർക്കർമാരും സമൂഹനിർമ്മിതിക്കുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയവും വിലമതിക്കാനാകാത്തതുമാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ വളരെ പ്രാധാന്യത്തോടെയാണ് ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാണുന്നത്. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി

പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവും എന്ന ക്രമത്തിൽ 60:40 അനുപാതത്തിലാണ് നിലവിൽ ഓണറേറിയം നൽകിവരുന്നത്. പ്രസ്തുത അനുപാതത്തിൽ, അങ്കണവാടി വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 4,500 രൂപയും ഹെൽപ്പർമാർക്ക് 2,250 രൂപയുമാണ് കേന്ദ്രസർക്കാർ അനുവദിക്കുന്നത്. കേന്ദ്രസർക്കാർ അനുവദിക്കുന്ന ഓണറേറിയത്തിനുപുറമെ അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്ക് കേരളത്തിൽ സംസ്ഥാന സർക്കാർ അധികതുക ഓണറേറിയമായി നൽകിവരുന്നുണ്ട്. അതിൻപ്രകാരമാണ് 12,000 രൂപ ഓണറേറിയത്തിൽ 9,300 രൂപയും മിനി അങ്കണവാടി വർക്കറുടെ 11,000 രൂപയിൽ 8,900 രൂപയും അങ്കണവാടി ഹെൽപ്പറുടെ 8,000 രൂപയിൽ 6,650 രൂപയും സംസ്ഥാന സർക്കാർ അധികമായി നൽകിവരുന്നത്. അതുകൂടാതെ, സംസ്ഥാനത്തെ അങ്കണവാടികളിൽ പത്ത് വർഷത്തിൽത്താഴെ സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും പത്ത് വർഷത്തിലധികം സേവനകാലയളവുള്ള അങ്കണവാടി പ്രവർത്തകർക്ക് 1,000 രൂപയും വീതം 01-12-2023 പ്രാബല്യത്തിൽ പ്രതിമാസ ഓണറേറിയത്തിൽ

വർധനവ് അനുവദിച്ചിട്ടുണ്ട്. മേൽവിവരിച്ച തരത്തിൽ ഒരു അങ്കണവാടി വർക്കറിന് 13,000 രൂപയും ഹെൽപ്പറിന് 9,000 രൂപയും നിലവിൽ ഓണറേറിയമായി ലഭിക്കുന്നുണ്ട്. ഇതിൽ കേന്ദ്രസർക്കാർ, അങ്കണവാടി വർക്കർമാർക്ക് ഓണറേറിയമായി നൽകുന്ന 4,500 രൂപയിൽ 40 ശതമാനം സംസ്ഥാന സർക്കാരാണ് നൽകുന്നത്. ഇത്തരത്തിൽ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് അങ്കണവാടി പ്രവർത്തകർക്ക് കേരളത്തിൽ മെച്ചപ്പെട്ട സേവനമാണ് നൽകുന്നത്. എന്നാൽ, സംസ്ഥാനത്തെ 33115 അങ്കണവാടികളിൽനിന്നും ആകെ 29262 അങ്കണവാടി വർക്കർമാരും 25868 ഹെൽപ്പർമാരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. അങ്കണവാടി വർക്കർമാരിൽനിന്നും 500 രൂപയും അങ്കണവാടി ഹെൽപ്പർമാരിൽനിന്നും 250 രൂപയും പ്രതിമാസം ക്ഷേമനിധി വിഹിതമായി ശേഖരിക്കുന്നുണ്ട്. 01-04-2021 മുതൽ പ്രാബല്യത്തിൽ വിരമിച്ച 9582 അങ്കണവാടി വർക്കർമാർക്ക് പ്രതിമാസം 2,500 രൂപ നിരക്കിലും 10047 അങ്കണവാടി ഹെൽപ്പർമാർക്ക് 1,500 രൂപ നിരക്കിലും ആകെ 19629 പേർക്കാണ് പ്രതിമാസം 3,90,25,500 രൂപ പ്രതിമാസ പെൻഷനായി നൽകിവരുന്നത്. അങ്കണവാടികളിൽനിന്ന്

വിരമിക്കുന്ന ജീവനക്കാർക്ക് ക്ഷേമനിധിയിൽനിന്നും അവർ ക്ഷേമനിധിയിലേയ്ക്ക് അടച്ച തുകയും അടച്ച തുകയുടെ 8 ശതമാനം പലിശയും സർക്കാർ വിഹിതമായ 20 ശതമാനവും ചേർന്ന് ആകെ തുകയായ ക്ഷേമനിധി ആനുകൂല്യവും അങ്കണവാടി വർക്കറിന് 15,000 രൂപയും ഹെൽപ്പറിന് 10,000 രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകിവരുന്നുണ്ട്. വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നത് അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ വിഹിതത്തിൽനിന്നും ആയതിന് ആനുപാതികമായി ലഭിക്കുന്ന സർക്കാർ വിഹിതത്തിൽനിന്നും സ്ഥിരനിക്ഷേപങ്ങളിൽനിന്നും ലഭിക്കുന്ന പലിശയിൽനിന്നും മാത്രമാണ്. എന്നാൽ, ഓരോവർഷവും വിരമിക്കുന്ന പ്രവർത്തകരുടെ എണ്ണം വർധിക്കുകയും വിഹിതം അടയ്ക്കുന്നവരുടെ എണ്ണം സ്ഥിരമായി നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഓരോവർഷവും വർധിച്ചുവരുന്ന ചെലവ് ക്ഷേമനിധി ബോർഡിന് സാമ്പത്തിക ഞെരുക്കമുണ്ടാക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതിനൊരു ശാശ്വതപരിഹാരമുണ്ടാകണമെന്നാണ് സർക്കാരിന്റെ തീരുമാനം. അതിനായി ധനകാര്യ വകുപ്പുമായി ഈ വിഷയം

ചർച്ച ചെയ്യുന്നതാണ്. നിലവിൽ ക്ഷേമനിധി ബോർഡിന്റെ പക്കലുള്ള ഫണ്ട് അപര്യാപ്തമായതിനാലാണ് വിരമിക്കൽ ആനുകൂല്യം നൽകുന്നതിൽ കാലതാമസമുണ്ടാകുന്നത്. നടപ്പു സാമ്പത്തികവർഷം സർക്കാർ വിഹിതമായി 1.80 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. 01-09-2009 മുതലാണ് അങ്കണവാടി പ്രവർത്തകർക്ക് പെൻഷൻ അനുവദിച്ചു തുടങ്ങിയത്. തുടക്കത്തിൽ അങ്കണവാടി വർക്കറിന് 500 രൂപയും ഹെൽപ്പറിന് 300 രൂപയും നിരക്കിലാണ് പെൻഷൻ അനുവദിച്ചിരുന്നത്. 22-04-2017-ലെ ഉത്തരവുപ്രകാരം 01-06-2014 പ്രാബല്യത്തിൽ പെൻഷൻ യഥാക്രമം 1,000 രൂപയും 600 രൂപയുമായി വർധിപ്പിച്ചു. അതായത്, യഥാക്രമം 200 രൂപയും 100 രൂപയുമാണ് അങ്കണവാടി ജീവനക്കാരുടെ വിഹിതമായി സ്വീകരിച്ചിരുന്നത്. തുടർന്ന് 09-12-2019-ലെ ഉത്തരവുപ്രകാരം 01-02-2020 പ്രാബല്യത്തിൽ പെൻഷൻ 2,000 രൂപയും 1,200 രൂപയുമായി വർധിപ്പിച്ചു. യഥാക്രമം 500 രൂപയും 250 രൂപയുമാണ് അങ്കണവാടി ജീവനക്കാരുടെ വിഹിതമായി സ്വീകരിച്ചിരുന്നത്. വീണ്ടും 26-02-2021-ലെ ഉത്തരവുപ്രകാരം 01-04-2021 പ്രാബല്യത്തിൽ 2,500 രൂപയും 1,500 രൂപയുമായി പെൻഷൻ

വർധിപ്പിച്ചു. എന്നാൽ, വിഹിതത്തിൽ മാറ്റമില്ല. ഇത്തരത്തിൽ കഴിഞ്ഞ 8 വർഷങ്ങൾക്കുള്ളിൽ അങ്കണവാടി വർക്കർമാർക്ക് 2,000 രൂപയുടെയും ഹെൽപ്പർമാർക്ക് 1,200 രൂപയുടെയും പെൻഷൻ വർധനവാണുണ്ടായിട്ടുള്ളത്. സ്വാഭാവികമായി ക്ഷേമനിധിയിലേയ്ക്ക് ജീവനക്കാരിൽനിന്നുള്ള വിഹിതവും സർക്കാർ വിഹിതവും കൂട്ടിച്ചേർത്ത് പെൻഷൻ നൽകിവരുമ്പോഴും പ്രതിമാസ പെൻഷൻ വിതരണത്തിലെ ചെലവിലെ അന്തരം നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് സർക്കാർ ഈ വിഷയം അഡ്രസ്സ് ചെയ്യുന്നത്. വനിത-ശിശുവികസന വകുപ്പും ധനകാര്യ വകുപ്പും സംയുക്തമായാണ് ഈ വിഷയം അഡ്രസ്സ് ചെയ്യുന്നത്. കുടിശ്ശിക ഉൾപ്പെടെയുള്ള തുക അടിയന്തരമായി കൊടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൂടി ത്വരിതഗതിയിൽ നടക്കുന്നുണ്ട്. ഈ വിഷയത്തിനാണ് വകുപ്പ് കൂടുതൽ മുൻഗണന നൽകുന്നത്. എന്നാൽ നിലവിലുള്ള ജീവനക്കാരുടെ ഓണറേറിയത്തിൽ കാലാനുസൃതമായ വർധനവുണ്ടാകണം എന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതിനനുകൂലമായ നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. അങ്കണവാടി

പ്രവർത്തകർക്ക് നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾക്കുപുറമെ അധികമായി ജോലി നൽകുമ്പോൾ കൂടിയാലോചനകളിലൂടെ മാത്രം നൽകണമെന്നതാണ് മറ്റൊരുകാര്യം. അങ്കണവാടി പ്രവർത്തനങ്ങൾക്കപ്പുറമേയുള്ള പ്രവൃത്തികൾ ചെയ്യേണ്ടിവരുമ്പോൾ അവർ വലിയ പ്രയാസങ്ങൾ നേരിടുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. കേന്ദ്രസർക്കാർ പുതുതായി ആവിഷ്കരിച്ച ഗൈഡ്‌ലൈൻ പ്രകാരമാണ് അങ്കണവാടിയിലെ സേവനങ്ങളും മറ്റും രേഖപ്പെടുത്താനായി ഫോട്ടോയെടുത്ത് പോഷൻ ട്രാക്കർ (Poshan Tracker) എന്ന പോർട്ടലിലേയ്ക്കാണ് അപ്‌ലോഡ് ചെയ്യുന്നത്. എന്നാൽ, അതിനനുസരിച്ച് അങ്കണവാടി പ്രവർത്തകരുടെ വിഹിതം കേന്ദ്രസർക്കാർ കൂട്ടിനൽകുന്നുമില്ല. അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇത് പൂർണമായും കേന്ദ്രസർക്കാരിന്റെ ഗൈഡ്‌ലൈൻ അനുസരിച്ചുള്ളതാണ്. അതുകൊണ്ട് പരമാവധി ഓരോ വിഭാഗങ്ങളും അങ്കണവാടി ജീവനക്കാരും ആശാ വർക്കർമാരും ചെയ്യേണ്ട പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി താഴേത്തട്ടിലേയ്ക്ക് നിർദേശങ്ങൾ കൊടുത്തിട്ടുണ്ട്. പ്രസ്തുത വിഷയം കൂടുതൽ ശക്തമായി നിരീക്ഷിക്കുന്നതാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഈ വിഷയത്തെ വളരെ പോസിറ്റീവായാണ് സമീപിച്ചത്. അങ്കണവാടി ജീവനക്കാർക്ക് എന്തെല്ലാം ജോലികൾ കൊടുക്കാമെന്നുള്ള കാര്യത്തിലൊരു വ്യവസ്ഥയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ നല്ലൊരു കാര്യമാണ്. മൂന്ന് ആവശ്യങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്; ഒന്ന്, അങ്കണവാടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം ഉയർത്തണം; രണ്ട്, ഓണറേറിയം എന്നുള്ളത് ശമ്പളമാക്കണം; മൂന്ന്, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിർദ്ദേശാനുസരണം അനുവദിച്ച ഗ്രാറ്റുവിറ്റി അനുവദിക്കാനുള്ള നടപടിയുണ്ടാകണം.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. ധനകാര്യവകുപ്പുമായി ചർച്ച ചെയ്ത് ഇതുസംബന്ധിച്ച അന്തരം പരിഹരിച്ചുകൊണ്ട് അടിയന്തരമായി ശാശ്വതപരിഹാരം കാണുന്നതാണ്. അതിനുവേണ്ടിയാണ് ധനകാര്യ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തത്. ബാക്കികാര്യങ്ങളെല്ലാം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.